വരുന്നു. എന്നാൽ നിലവിലെ CRZ നോട്ടിഫിക്കേഷൻ അനുശാസിക്കുന്ന ദൂരപരിധിക്കുള്ളിൽ മാത്രമേ പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർ അടക്കമുള്ളവർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നിർവ്വാഹമുള്ളൂ. ആയതിനാൽ നിലവിൽ തീരദേശ നിവാസികളിൽ ചിലർക്ക് കൈവശ ഭൂമിക്ക് പട്ടയം നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്.

(ബി) കടൽ പുറമ്പോക്കിൽ സ്ഥിര താമസമാക്കിയ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കണക്ക് വില്ലേജ് തിരിച്ച് ഭൂവിസ്തൃതി സഹിതം ശേഖരിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്ഥലം നികത്തൽ

96(2720) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്ഥലം നികത്തുന്നതിന് വേണ്ടിയുള്ള അപേക്ഷകളാണ് സംസ്ഥാന ഹൈലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്വകാര്യ ആവശ്യത്തിനും പൊതു ആവശ്യത്തിനും സ്ഥലം നികത്തുന്നതിനായി എത്ര അപേക്ഷകൾ വീതം ലഭിച്ചു എന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര എണ്ണം അനുവദിച്ചുവെന്നും ആയത് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ ജീവനക്കാരുടെ കാര്യക്ഷമത

97(2721) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇതുമൂലം അഴിമതി കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജ്/താലൂക്ക് ഓഫീസുകൾ, കളക്ടറേറ്റുകൾ എന്നിവ മുഖാന്തരം നൽകിവരുന്ന ഏതെല്ലാം സേവനങ്ങളാണ് ഓൺ ലൈൻ ആക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ഓഫീസുകൾ മുഖാന്തരം നൽകിവരുന്ന സർട്ടിഫിക്കറ്റുകൾ മുതലായവ പൂർണ്ണമായി ഓൺ ലൈൻ ആക്കുന്നതിനും മറ്റ സേവനങ്ങൾ യഥാസമയം അഴിമതിരഹിതമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതും പൊതുവായി എല്ലാ വകുപ്പുകൾക്കും ആവശ്യമായതുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം.) എന്ന പേരിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് റവന്യൂ വകുപ്പിനുകീഴിൽ നിലവിലുണ്ട്. റവന്യൂ, സർവ്വേ, ദുരന്തനിവാരണം സംബന്ധമായ എല്ലാ വിഷയങ്ങളിലും സമയബന്ധിതമായി ജീവനക്കാർക്ക് ഇവിടെ പരിശീലനം നൽകിവരുന്നു. കൂടാതെ, ജീവനക്കാരുടെ കാര്യക്ഷമത, മനോഭാവം, സേവനതത്പരത എന്നിവ വർദ്ധിപ്പിക്കുന്നതിനായി ജില്ലാതല പരിശീലന പരിപാടികളും ജനസൗഹൃദ വില്ലേജ് പരിശീലനവും ഐ.എൽ.ഡി.എം.-ന്റെ ആഭിമുഖ്യത്തിൽ നൽകിവരുന്നു. പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലേയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്ന് നാമകരണം ചെയ്ത പ്രവർത്തിച്ചുവരുന്നു. കൂടാതെ, വകുപ്പ് മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലും ഇൻസ്പെക്ഷൻ ആന്റ് ആഡിറ്റ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) അഴിമതി കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്.

(സി) ലാൻഡ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. സർട്ടിഫിക്കറ്റ് സേവനങ്ങൾ ഇ-ഡിസ്ട്രിക്ട്, ഭൂസംബന്ധമായ സേവനങ്ങൾ, ഓൺലൈൻ പോക്കുവരവ്, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക്, ഓൺലൈൻ ടാക്സ് പേയ്മെന്റ്, ഫയലുകളിലെ സുതാര്യത ഉറപ്പാക്കൽ, ഡി.സി. സ്യൂട്ട്, ആർ. ആർ. ഓൺലൈൻ എന്നീ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. ഡി.സി. സ്യൂട്ട് തിരുവനന്തപുരം ജില്ലയൊഴികെ ബാക്കി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly